**പതിനാലാം കേരള നിയമസഭ**
**(പത്തൊൻപതാം സമ്മേളനം)**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2905** **13.03.2020-ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം പദ്ധതി പ്രദേശത്തുനിന്നും ഒഴിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ<br>,, കെ. ആൻസലൻ<br>ശ്രീമതിവീണാ ജോർജ്ജ്<br>ശ്രീ.വി. ജോയി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തു നിന്നും ഒഴിപ്പിക്കപ്പെട്ട മത്സ്യത്തൊഴി ലാളികളെ പുനരധിവസിപ്പിക്കുന്ന തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;<br><br>ബി) അവർക്കായി സ്ഥലവും വീടും നൽകുന്നതിന് പ്രൊജക്ട് തയ്യാറാക്കി ഭരണാനുമതിയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) & (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 475 കോടി രൂപയുടെ ഒരു പുനരധിവാസ പാക്കേജ് വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴി ലാളികളെ പുനരധിവസിപ്പിക്കുവാൻ അംഗീകരി ച്ചെങ്കിലും അതു നടപ്പാക്കാൻ തുകയൊന്നും വകയിരുത്തിയിരുന്നില്ല. പാക്കേജ് നടപ്പാക്കാൻ ഒരു നടപടിയും സ്വീകരിച്ചുമില്ല. എന്നാൽ, വിഴിഞ്ഞം പദ്ധതി പ്രദേശമുൾപ്പെടെ തിരുവനന്തപുരത്തിന്റെ തീര പ്രദേശത്തുനിന്നും 3339 കുടുംബങ്ങളെ പുനരധിവസി പ്പിക്കുന്നതിന് പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി നടപടി സ്വീകരിച്ചു വരുന്നു. അതിന് 333.9 കോടി രൂപ വിനിയോഗിക്കുന്നതാണ്. മറ്റ് വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) അവർക്ക് ജീവനോപാധി കണ്ടെത്തുന്ന തിനായി മത്സ്യഗ്രാമങ്ങളിൽ ആർട്ടിഫിഷ്യൽ റീഫ് സ്ഥാപിക്കുന്ന തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) തിരുവനന്തപുരം ജില്ലകളിലെ കൊല്ലംകോട്, പരുത്തിയൂർ, പൂവാർ, വലിയതുറ, കൊച്ചുതുറ, പുതിയതുറ, പള്ളം, അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളിൽ 200 എണ്ണം Monolithic Triangular shaped R.C.C reef modules ഉം പൂവാർ മത്സ്യഗ്രാമത്തിൽ 200 എണ്ണം Monolithic ferro cement triangular reef modules ഉൾപ്പെടെ 375.63 ലക്ഷം രൂപ ചെലവിൽ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും പദ്ധതി നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി നടപ്പാക്കുന്നതിനോടനുബന്ധിച്ചുള്ള നഷ്ടപരിഹാരവും പുനരധിവാസത്തിനുമായി തിരുവനന്തപുരം ജില്ലയിലെ തീരദേശ മേഖലയുടെ വികസനത്തിനായി 475 കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജിന് അനുമതി നൽകിയിട്ടുണ്ട്.

475 കോടി രൂപയുടെ പദ്ധതിയിൽ ചുവടെ പറയുന്ന ഘടകങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

| | Abstract | Crore |
|---|---|---|
| 1 | Housing Support | 350.00 |
| 2 | Livelihood to Fishermen | 59.00 |
| 3 | Capacity building for fishermen | 0.50 |
| 4 | Fisherwomen empowerment programme | 39.00 |
| 5 | Education | 24.00 |
| 6 | Geriatric care to junior citizen (pakal veedu) | 2.50 |
| | **Total** | **475** |

തിരുവനന്തപുരം ജില്ലയിലെ 8 മത്സ്യഗ്രാമങ്ങളിൽ ആർട്ടിഫിഷ്യൽ റീഫ് സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് 375.63 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. വിഴിഞ്ഞം പാക്കേജിൽ 350 കോടി രൂപ വകയിരുത്തിയിരുന്നത് തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് തീരം നഷ്ടപ്പെടുകയാണെങ്കിൽ അത്തരക്കാരെ പുനരധിവസിപ്പിക്കാൻ ഭൂമി കണ്ടെത്തുന്നതിനായിരുന്നു. എന്നാൽ ഇതിനകം സംസ്ഥാനത്തൊട്ടാകെ തീരത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 18685 മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ 2450 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിൽ 3339 കുടുംബങ്ങൾ ഉള്ളതായിട്ടാണ് സർവ്വേയിൽ കണ്ടെത്തിയിട്ടുള്ളത്. ഇവരെ പൂർണ്ണമായും സുരക്ഷിത മേഖലയിൽ 2 മുതൽ 3 സെൻറ് വരെ ഭൂമി കണ്ടെത്തിയോ കെട്ടിട സമുച്ചയം നിർമ്മിച്ചോ പുനരധിവസിപ്പിക്കുന്നതിനും തുക ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു കുടുംബത്തിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്. വിഴിഞ്ഞം പദ്ധതിയുടെ പ്രഖ്യാപിത മേഖലയിൽ ഉൾപ്പെടുന്നതും വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരുമായ മുഴുവൻ പേരേയും ഇത്തരത്തിൽ പുനരധിവസിപ്പിക്കുന്നതിന് കഴിയും ഇതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ വനിതാ ശാക്തീകരണ പദ്ധതികളും, വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികളും സംസ്ഥാന സർക്കാരിന്റെ ഫണ്ട് പ്രയോജനപ്പെടുത്തി എല്ലാ ജില്ലകളിലും നടപ്പാക്കുന്നതുപോലെ തിരുവനന്തപുരത്തും നടപ്പാക്കിയിട്ടുണ്ട് ആയതിന് വിഴിഞ്ഞം പ്രോജക്ട് മേഖലയിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

### വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന്റെ വിവരങ്ങൾ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടമാകുന്നവരെ കണ്ടെത്താൻ റവന്യൂ ഡിവിഷണൽ ഓഫീസർ (RDO), തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ ലിയാക് കമ്മിറ്റിയേയും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിഗണിച്ച് പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ ലിയാക് അപ്പീൽ കമ്മിറ്റിയേയും സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജീവനോപാധി

നഷ്ടം സംഭവിച്ചേക്കാവുന്നവരേയും അവർക്കനുവദിക്കാവുന്ന നഷ്ടപരിഹാരത്തേയും ഉൾക്കൊള്ളിച്ച് ലിയാക് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. ടി റിപ്പോർട്ടിൽ ചുവടെ ചേർത്തിട്ടുള്ള ശുപാർശകളാണ് നൽകിയിട്ടുള്ളത്.

1. പദ്ധതി പ്രദേശത്തെ ചിപ്പി/ലോബ്സ്റ്റർ തൊഴിലാളികൾ കരമടി തൊഴിലാളികൾ എന്നിവർക്ക് തുറമുഖ നിർമ്മാണ സമയമായ മൂന്നു വർഷക്കാലത്തുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് പ്രസ്തുത കാലയളവിൽ സാമ്പത്തിക സഹായം നൽകാൻ ശുപാർശ ചെയ്തു.
2. പദ്ധതിയുടെ ബ്രേക്ക് വാട്ടർ നിർമ്മാണ കാലയളവായ രണ്ടു വർഷ കാലത്തേയ്ക്ക് പദ്ധതി പ്രദേശത്തെ കട്ടമരം, മോട്ടോർ ഘടിപ്പിച്ച യാനങ്ങൾ എന്നിവയുടെ ഉടമകൾക്ക് സാമ്പത്തിക സഹായം നൽകാൻ ശുപാർശ ചെയ്തു.
3. തുറമുഖത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട മുല്ലൂർ മേഖലയിലെ ചിപ്പി/ലോബ്സ്റ്റർ തടം നഷ്ടപ്പെടുന്നതിനാൽ ടി തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി കടൽക്കൂട് മത്സ്യകൃഷി (cage culture) പരിശീലിപ്പിക്കുന്ന ഒരു പദ്ധതി Marine Products Export Development Agency (MPEDA) യുമായി സഹകരിച്ച് നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്തു.
4. മേൽ പറഞ്ഞ സാമ്പത്തിക സഹായത്തിനായി 18.35 കോടി രൂപയും കടൽക്കൂട് മത്സ്യകൃഷിക്കായി 20 കോടി രൂപയും ഉൾപ്പെടെ 38.35 കോടി രൂപയുടെ ബഡ്ജറ്റ് മത്സ്യബന്ധന മേഖലയിലെ നഷ്ടപരിഹാര പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി കണക്കാക്കി ശുപാർശ ചെയ്തു.
5. പദ്ധതി പ്രദേശത്തെ റിസോർട്ടുകളിലേയും ചെറുകിട കച്ചവട സ്ഥാപനങ്ങളിലേയും തൊഴിലാളികളുടെ പുനരധിവാസ സഹായത്തിനായി 0.99 കോടി രൂപയുടെ ബഡ്ജറ്റ് കണക്കാക്കി ശുപാർശ ചെയ്തു.

ഇങ്ങനെ പദ്ധതി മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാര പുനരുദ്ധാരണ പാക്കേജ് 39.34 കോടി രൂപയാണ് ശുപാർശ ചെയ്തിട്ടുള്ളത്.

ജീവനോപാധി നഷ്ടപരിഹാരം സംബന്ധിച്ച് ലഭിച്ച അപ്പീലുകളിൽ പദ്ധതി ബാധിത പ്രദേശങ്ങളിൽ (ചൊവ്വര/മുല്ലൂർ, വിഴിഞ്ഞം സൗത്ത്, അടിമലത്തുറ) ഉൾപ്പെട്ട ചിപ്പി/ലോബ്സ്റ്റർ കരമടി എന്നീ വിഭാഗങ്ങളിലുൾപ്പെട്ട മത്സ്യബന്ധനത്തിലേർപ്പെട്ടവരുടേയും റിസോർട്ട് തൊഴിലാളികളുടെയും അപേക്ഷകൾ ലിയാക് അപ്പീൽ കമ്മിറ്റി ചുമതലപ്പെടുത്തിയ സബ്കമ്മിറ്റി രേഖാ പരിശോധനയും സ്ഥലപരിശോധനയും നടത്തി അർഹരാണെന്ന് കണ്ടെത്തിയവർക്ക് സർക്കാർ അംഗീകാരത്തോടെ നഷ്ടപരിഹാരം വിതരണം ചെയ്തു വരുന്നു.

**സെക്ഷൻ ആഫീസർ**